# SYRO MALABAR CULTURAL ASSOCIATION KUWAIT

*The Guardians of a Glorious Tradition*

I.E. Reg: INDEMB/KWT/ASSN/121

# കലോത്സവം

## പൊതുനിർദ്ദേശങ്ങൾ

1. കലാ മത്സരത്തിൽ പങ്കെടുക്കുന്നതിനുള്ള യോഗ്യതകൾ

A. SMCA സജ്ജീവ അംഗങ്ങളും അവരുടെ (വരുമാനമില്ലാത്ത) മക്കളും,

B. 2020 ഒക്ടോബർ 1 ന് മുൻപ് ജനിച്ചവർ.

C. SMCA അംഗത്വവും FBS ഉം 31.10.2024 ന് മുൻപായി പുതുക്കാത്തവർക്ക് മത്സരത്തിൽ പങ്കെടുക്കാൻ അർഹതയില്ല.

2. വ്യക്തിഗത ഇനങ്ങൾക്കുള്ള ഓൺലൈൻ രജിസ്ട്രേഷനുള്ള സൗകര്യം ഒക്ടോബർ 1-ാം തീയതി മുതൽ ഒക്ടോബർ 25 തീയതി വരെ ഉണ്ടായിരിക്കുന്നതാണ്. ഒക്ടോബർ 25 തീയതിക്കു ശേഷമുള്ള രജിസ്ട്രേഷനുകൾ സ്വീകരിക്കുന്നതല്ല. ഓൺലൈൻ രജിസ്ട്രേഷൻ ചെയ്യാൻ SMCA യുടെ ഔദ്യോഗിക വെബ്സൈറ്റായ www.smcakuwait.org സന്ദർശിക്കേണ്ടതാണ് ഓൺലൈൻ രജിസ്ട്രേഷൻ ചെയ്യാൻ സാധിക്കാത്തവർ നിശ്ചിത ഫോം പൂരിപ്പിച്ച് വാർഡ് പ്രതിനിധികളുടെ കൈവശം ഒക്ടോബർ 25-ാം തീയതിക്ക് മുൻപായി നല് കേണ്ടതാണ്.

3. രജിസ്റ്റർ ചെയ്യുമ്പോൾ SMCA അംഗങ്ങൾ SMCA യുടെ അംഗത്വ നമ്പർ നിർബന്ധമായും നൽകേണ്ടതാണ്.

4. ഗ്രൂപ്പ് ഇനങ്ങളിൽ മത്സരിക്കുന്നവർ ഇതോടൊപ്പമുള്ള ഫോം പൂരിപ്പിച്ച് ഒക്ടോബർ 25-ാം തീയതിക്ക് മുൻപായി അതാത് കൊടുക്കേണ്ടതാണ്. Area Arts & Sports Coordinator വശം

5. വ്യക്തിഗത ഇനങ്ങളിൽ ഓരോ മത്സരാർത്ഥികൾക്കും പരമാവധി 3 ഇനങ്ങളിൽ മാത്രമേ മത്സരിക്കാൻ അനുവാദമുള്ളു. നോൺ സ്റ്റേജ് മത്സരങ്ങൾക്കും ഗ്രൂപ്പ് മത്സരങ്ങൾക്കും ഈ പരിധി ബാധകമല്ല.

6. ഒരു മത്സരത്തിനും സ്പോട്ട് രജിസ്ട്രേഷൻ ഉണ്ടായിരിക്കുന്നതല്ല

7. മത്സരാർത്ഥിയുടെ രജിസ്ട്രേഷനിൽ എന്തെങ്കിലും കൃത്രിമം നടന്നു

# കലോത്സവം

എന്ന് മത്സരത്തിന് മുൻപോ ശേഷമോ തെളിയിക്കപ്പെടുകയാണെങ്കിൽ മത്സരാർത്ഥി അയോഗ്യരാക്കപ്പെടും സമ്മാനങ്ങൾ തിരിച്ചെടുക്കുകയും, പ്രസ്തുത സമ്മാനം അടുത്ത സമ്മാനാർഹർക്ക് നൽകുകയും ചെയ്യും.

8. ഫോക് ഡാൻസ്, ക്ലാസിക്കൽ ഡാൻസ്, ഇൻസ്ട്രുമെന്റ് മ്യൂസിക്, കാർട്ടൂൺ വര, ലഘുനാടകം എന്നീ ഇനങ്ങൾ കേന്ദ്രതലത്തിൽ നടത്തപ്പെടും ഈ ഇനങ്ങൾക്ക് ഏരിയാ തലത്തിൽ മത്സരം ഉണ്ടായിരിക്കുന്നതല്ല തീയതി പിന്നീട് അറിയിക്കുന്നതാണ്.

9. Essay Writing, Colouring the Sketch, Pencil Drawing, മത്സരങ്ങൾ. അതാത് ഏരിയകളിൽ വച്ച് CMC യുടെ മേൽനോട്ടത്തിൽ നടത്തുന്നതാണ് തീയതി പിന്നീട് അറിയിക്കുന്നതാണ്.

10 ഓരോ ഏരിയായിൽ നിന്നും ഫൈനൽ മത്സരങ്ങൾക്കായി തിരഞ്ഞെടുക്കപ്പെടുന്നവരുടെ എണ്ണം താഴെ പറയുന്നു.

| | |
|---|---|
| വ്യക്തിഗത മത്സരങ്ങൾ | ഫഹാഹീൽ 6. സാൽമിയ 4, |
| | സിറ്റി ഫർവാനിയ 4, അബ്ബാസിയ 12 |
| ഗ്രൂപ്പ് ഇനങ്ങൾ | ഫഹാഹീൽ3. സാൽമിയ 2, |
| | സിറ്റി ഫർവാനിയ 2, അബ്ബാസിയ 6 |
| ലഘു നാടകം | ഫഹാഹീൽ 1. സാൽമിയ 1, |
| | സിറ്റി ഫർവാനിയ 1, അബ്ബാസിയ 2ചള്ളണ |

11 ഓരോ മത്സരങ്ങളിലും അനുവദിച്ച സമയപരിധിയിൽ നിന്ന് 30 സെക്കന്റ് കൂടിയാൽ 5% മാർക്കും. 31 മുതൽ 60 സെക്കന്റ് വരെ കുടിയാൽ 10% മാർക്കും, ജഡ്ജസ് നൽകിയ ആകെ മാർക്കിൽ നിന്നും കുറവ് വരുന്നതാണ് തുടർന്ന് വരുന്ന ഓരോ മിനിറ്റിനും 25% മാർക്ക് വീതം ആനുപാതികമായി കുറവ് വരുന്നതായിരിക്കും

# കലോത്സവം

12 മത്സരത്തിന് 15 മിനിറ്റ് മുൻപ് ഡാൻസിന്റെ ഗാനം മാത്രമടങ്ങുന്ന Flash Drive ചെസ്റ്റ് നമ്പർ രേഖപ്പെടുത്തി ബന്ധപ്പെട്ട സ്റ്റേജ് മാനേജരെ ഏൽപ്പിക്കേണ്ടതാണ് മറ്റ് പാട്ടുകൾ ഈ Flash Drive ൽ ഉണ്ടാവാൻ പാടുള്ളതല്ല സംഘാടകരുടെ Lap Top ൽ ഈ Flash Drive വർക്ക് ചെയ്യുന്നുണ്ട് എന്ന് മത്സരാർത്ഥികൾ ഉറപ്പുവരുത്തേണ്ടതാണ്

13 മത്സരം തുടങ്ങിയ ശേഷം പുറത്ത് നിന്നുള്ള ഒരു സഹായവും സ്വീകരിക്കാൻ പാടുള്ളതല്ല.

14 എല്ലാ മത്സരങ്ങൾക്കും മത്സരം തുടങ്ങുമ്പോഴും സമയ പരിധി അവസാനിക്കുമ്പോഴും ബെൽ അടിക്കുന്നതായിരിക്കും.

15 SMCA കലോത്സവത്തിന്റെ Rules & Regulations നോ SMCA നിയമാവലിക്കോ വിരുദ്ധമായി എന്തെങ്കിലും കാര്യങ്ങൾ ശ്രദ്ധയിൽ പെട്ടാൽ, ആ മത്സരം നിറുത്തി വയ്ക്കുന്നതിനോ റദ്ദാക്കുന്നതിനോ സ്റ്റേജ് മാനേജർക്ക് അധികാരമുണ്ടായിരിക്കും ഇങ്ങനെയുള്ള അവസരങ്ങളിൽ Central Arts & Sports Convener SMCA Executive officials മായും ബന്ധപ്പെടേണ്ടതാണ് അന്തിമമായിരിക്കും. തർക്കാവസ്ഥ തുടരുന്ന പക്ഷം ജഡ്ജസ്സിന്റെ തീരുമാനം

16 സാങ്കേതിക തകരാറുകൾ മൂലം മത്സരം തടസ്സപ്പെടുകയാണെങ്കിൽ മത്സരത്തിന്റെ അവസാനം ഒരവസരം കൂടി മത്സരാർത്ഥിക്ക് ലഭിക്കുന്നതായിരിക്കും

17 ഒരോ മത്സരത്തിനും 3 മത്സരാർത്ഥികൾ (Individual/Team) എങ്കിലും രജിസ്റ്റർ ചെയ്തിട്ടില്ല എങ്കിൽ ആ മത്സരം ഉണ്ടായിരിക്കുന്നതല്ല.

18 ഒരു ഏരിയായിൽ നിന്ന് മാത്രം ഒരു മത്സരത്തിന് Individual/Team രജിസ്റ്റർ ചെയ്യുകയും 3 ൽ താഴെ Individual/Team പങ്കെടുക്കുകയും ചെയ്താൽ സമ്മാനം നല്കും, പക്ഷെ പോയിന്റുകൾ നല്കുന്നതല്ല എന്നാൽ 3 Individual /Team പങ്കെടുത്താൽ സമ്മാനവും

# കലോത്സവം

പോയിന്റുകളും നല്കും.

19 ഒന്നിൽ കൂടുതൽ ഏരിയകളിൽ നിന്നും ഒരു മത്സരത്തിന് 3 Individual/ Team രജിസ്റ്റർ ചെയ്യുകയും മത്സരസമയം Individual/Team വരുകയും ചെയ്താൽ Individual/Team നെ മത്സരിപ്പിക്കുകയും സമ്മാനവും പോയിന്റുകളും നൽകുന്നതുമായിരിക്കും.

20 പോയിന്റുകൾ:

ഒന്നാം സ്ഥാനം 5. രണ്ടാം സ്ഥാനം3. മൂന്നാം സ്ഥാനം 1

21 ഓരോ ഗ്രൂപ്പിലേയും കലാതിലകം അല്ലെങ്കിൽ കലാപ്രതിഭയെ തീരുമാനിക്കുന്നത്. മത്സരാർത്ഥി ശൊ ഡക്തിഗത ജനങ്ങളിലെ ആകെ പോയിന്റിന്റെ അടിസ്ഥാനത്തിലായിരിക്കും എതെങ്കിലും ഗ്രൂപ്പിൽ വ്യക്തിഗത ഇനങ്ങളിലെ പോയിന്റുകൾ പരിഗണിക്കുമ്പോൾ, ഒന്നിൽ കൂടുതൽ മത്സാർത്ഥികൾക്ക് ഒരേ പോയിന്റ് വരുകയാണെങ്കിൽ, ഈ മത്സരാർത്ഥികളുടെ ഗ്രൂപ്പ് ഇനങ്ങളിലെ പോയിന്റുകൾ, കൂടുതൽ ലഭിച്ച ഒന്നാം സമ്മാനങ്ങൾ എന്നിവ കൂടി പരിഗണിച്ചായിരിക്കും കലാതിലകം അല്ലെങ്കിൽ കലാപ്രതിഭയെ നിശ്ചയിക്കുക. ഓരോ ഗ്രൂപ്പിൽ നിന്നും ഏറ്റവും കൂടുതൽ പോയിന്റ് നേടുന്ന ഒരു വ്യക്തിക്ക് മാത്രമേ സമ്മാനം നല്കുകയുള്ളൂ. ഇ വ്യക്തി പെൺകുട്ടി അല്ലെങ്കിൽ സ്ത്രീ ആണെങ്കിൽ കലാതിലകമായും, ആൺകുട്ടി അല്ലെങ്കിൽ പുരുഷൻ ആണെങ്കിൽ കലാപ്രതിഭയായും തിരഞ്ഞെടുക്കപ്പെടുന്നതാണ്.

22 SMCA കലോത്സവത്തിനെ പറ്റിയുള്ള ചോദ്യങ്ങളും പരാതികളും അറിയിക്കുന്നതിന് സംഘടനയുടെ പ്രധാന ഭാരവാഹികളെ സമീപിക്കേണ്ടതാണ്.

23 ഓരോ മത്സരങ്ങളുടേയും പ്രത്യേകമായ Rules & Regulations, മത്സര ഇനങ്ങൾ എന്നിവ SMCA യുടെ ഔദ്യോഗിക Website ആയ www.smcakuwait.org ൽ ലഭ്യമാണ്.